LIBRARY ARCHIVES Kerala Legislative Assembly

**അമ്മയും കുഞ്ഞും പദ്ധതി**

*124 (813) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വർക്കല കഹാർ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് 2012 ഓഗസ്റ്റ് മുതൽ അമ്മയും കുഞ്ഞും പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(ബി) ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ കാര്യക്രം അഥവാ അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും, ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽനിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ലഭ്യമാക്കുന്ന പദ്ധതിയാണ് അമ്മയും കുഞ്ഞും പദ്ധതി.

(സി) അമ്മയും കുഞ്ഞും പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവും ആക്കുന്നതിനായി ഒരു പരാതി പരിഹാരസെൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷത്തിലേക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.